പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1035** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നഷ്ടപ്പെട്ടുവെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും നഷ്ടപ്പെട്ടതിന്റെ കണക്ക് ഇനം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധനത്തിനിടയിൽ കാണാതായിട്ടുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>**

| **ക്രമ നം** | **ജില്ല** | **കാണാതായവരുടെ എണ്ണം** |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | 1 |
| 3 | ആലപ്പുഴ | 2 |
| 4 | എറണാകുളം | 0 |
| 5 | തൃശ്ശൂർ | 0 |
| 6 | മലപ്പുറം | 0 |
| 7 | കോഴിക്കോട് | 0 |
| 8 | കണ്ണൂർ | 0 |
| 9 | കാസർഗോഡ് | 0 |
| | **ആകെ** | **5** |

**(സി)** പ്രസ്തുത കാലയളവിൽ മരണപ്പെട്ടവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് എത്ര രൂപ നഷ്ടപരിഹാരം നല്കിയിട്ടുണ്ടെന്ന് വിശദമാക്കമോ?

**<u>മറുപടി:</u>** ഫിഷറീസ് വകുപ്പ് നേരിട്ട് നഷ്ടപരിഹാരം അനുവദിക്കുന്നില്ല. എന്നാൽ, പ്രസ്തുത കാലയളവിൽ മരണപ്പെട്ട കൊല്ലം ജില്ലയിലെ ശ്രീ.രാജീവൻ പൂമുഖത്ത്, നീണ്ടകര, ശ്രീ.രാധാകൃഷ്ണൻ കട്ടവുങ്കൽ, പുത്തൻതുറ, നീണ്ടകര എന്നീ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത നിവാരണ നിധി (SDRF) മുഖേന ₹4,00,000/- വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയോ കാണാതാവുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ ആശ്രിതർക്ക് ഗ്രൂപ്പ് അക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം 10,00,000/- രൂപ വീതം ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉണ്ടായിട്ടുള്ള അപകടമരണങ്ങളുമായി ബന്ധപ്പെട്ടും കാണാതാകൽ സംഭവങ്ങളുമായി ബന്ധപ്പെട്ടും അടിയന്തിര ആശ്വാസ ധനസഹായമായി ഒരാൾക്ക് പരമാവധി 25000/- രൂപ എന്ന നിരക്കിൽ, ഇൻഷുറൻസ് തുക ലഭിക്കുമ്പോൾ കുറവ് ചെയ്യുമെന്ന വ്യവസ്ഥയിൽ, ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് ആകെ 5,85,000/- രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

കൂടാതെ അപകടമരണങ്ങളുമായി ബന്ധപ്പെട്ട പോലീസ് റിപ്പോർട്ട്, കെമിക്കൽ അനാലിസിസ് റിപ്പോർട്ട് മുതലായ രേഖകൾ ലഭ്യമാക്കി ഇൻഷുറൻസ് കമ്പനിക്ക് സമർപ്പിച്ചുകൊണ്ട് അർഹരായവർക്ക് 10,00,000/- രൂപ വീതം ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

| ക്രമ നമ്പർ | ജില്ല | വള്ളവും വലയും നഷ്ടപ്പെട്ടത് | | വള്ളം നഷ്ടപ്പെട്ടത് | | വല നഷ്ടപ്പെട്ടത് | |
|---|---|---|---|---|---|---|---|
| | | പൂർണ്ണമായി | ഭാഗികമായി | പൂർണ്ണമായി | ഭാഗികമായി | പൂർണ്ണമായി | ഭാഗികമായി |
| 1 | തിരുവനന്തപുരം | 17 | 1 | - | - | - | - |
| 2 | കൊല്ലം | 12 | 8 | - | - | 1 | - |
| 3 | ആലപ്പുഴ | 1 | - | 1 | - | 2 | - |
| 4 | എറണാകുളം | - | 1 | - | 1 | 2 | - |
| 5 | തൃശ്ശൂർ | - | - | - | - | 12 | - |
| 6 | മലപ്പുറം | 8 | - | - | - | - | - |
| 7 | കോഴിക്കോട് | 9 | - | - | - | - | - |
| 8 | കണ്ണൂർ | 1 | - | - | - | - | - |
| 9 | കാസർഗോഡ് | - | 1 | - | - | - | - |
| **ആകെ** | | **48** | **11** | **1** | **1** | **17** | **-** |